# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5450 — 31.10.2016 ൽ - മറുപടിക്ക്

## ഭക്ഷ്യ സാധനങ്ങളുടെ പൊതു വിതരണ പ്രക്രിയയുടെ നിരീക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>,, ഹൈബി ഈഡൻ<br>,, റോജി എം. ജോൺ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്തെ മൊത്തം ഭക്ഷ്യ സാധനങ്ങളുടെ പൊതു വിതരണ പ്രക്രിയ ഇലക്ട്രോണിക് ആയി നിരീക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി ബന്ധപ്പെട്ട റേഷൻ കടകളിലും ബന്ധപ്പെട്ട ഓഫീസുകളിലും ഗോഡൗണുകളിലും എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കേണ്ടത്; വിശദമാക്കുമോ;

(സി) എന്തെല്ലാം നടപടികളാണ് പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കൈക്കൊള്ളേണ്ടതെന്ന് വ്യക്തമാക്കുമോ?

(എ), (ബി) & (സി) ഉണ്ട്. റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ് / ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻകടകളിൽ സപ്ലൈകോ മുഖേന ഡോർ ഡെലിവറി വഴി നേരിട്ട് റേഷൻ സാധനങ്ങൾ എത്തിക്കുന്നതാണ്. ജി.പി.എസ് ട്രാക്കിംഗ് ഉൾപ്പെടെയുള്ള ആധുനിക ടെക്നോളജിയുടെ സഹായത്തോടെ ചരക്കുനീക്കം നിരീക്ഷിക്കുന്നതിനും, ഓരോ ട്രാൻസാക്ഷനും തത്സമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും കാണാനാകുന്ന വിധത്തിൽ ഒരു ട്രാൻസ്പാരൻസി പോർട്ടൽ വികസിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. കൂടാതെ സുതാര്യമായ ഒരു പരാതിപരിഹാര സംവിധാനവും കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ